

ചിത്രശാല

# അപൻജൻ

ജീവിതം തനിനിറത്തിൽ പകർത്തിക്കാണിക്കുന്ന ഒരു ബംഗാളി ചിത്രം

## എം. പ്രഭാകരൻ

**ആ**യിരത്തിത്തൊള്ളായിരത്തിഅറുപത്തിയേഴിലെ ഏറ്റവും നല്ല ഇന്ത്യൻ ചലച്ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ `ഹാട്ടെ ബസാഞ്ചെ'യുടെ സംവിധായകനായ തപൻസിഹ്നയുടെ ഈ പുതിയ ചിത്രം, ഭാവനാസമ്പന്നനായ അദ്ദേഹത്തിന്റെ കഴിവിന്റെ മറ്റൊരു വശത്തെ കുറിക്കുന്നു. നമ്മുടെ സാധാരണ സംവിധായകന്മാർ കൈകാര്യം ചെയ്യുവാൻ ധൈര്യപ്പെടാത്ത കഥകളാണ് സിഹ്നയുടെ കൈകളിൽ പലപ്പോഴും പ്രഗൽഭവും സുന്ദരവുമായ കലാസൃഷ്ടികളായി രൂപംകൊള്ളുന്നത്. പല തവണ കൈകാര്യം ചെയ്തു ഒളിമങ്ങിയ വൈവിധ്യമില്ലാത്ത പ്രേമകഥകളിൽ കഴമ്പില്ലാത്താ ഗാനങ്ങളും, ബോൺ തമാശകളും കലർത്തി ഒരു കൂട്ടം പ്രേക്ഷകരെ പ്രീതിപ്പെടുത്തി പണമുണ്ടാക്കുവാനുള്ള ഒരു കച്ചവടമല്ല, സിനിമ അദ്ദേഹത്തിന്.

### ജീവിതം തനിനിറത്തിൽ!

ജീവിതത്തിൽ, വേണ്ടപ്പെട്ടവരാരുമില്ലാതെ ഏകാകിയായി തന്റെ ഗ്രാമത്തിൽ കഴിഞ്ഞുകൂടിയിരുന്ന ആനന്ദമയിയെന്ന ഒരു വൃദ്ധ വിധവ തന്റെ അകന്ന ഒരു ബന്ധുവിന്റെ കൂടെ കൽക്കത്തയിൽ വന്നതിനുശേഷമുള്ള ചുരുങ്ങിയ കാലത്തെ ജീവിതത്തെ പശ്ചാത്തലമാക്കി നെയ്തെടുത്ത ഈ ചിത്രം, ഇന്ന് നമ്മുടെ നാട്ടിനെ അലട്ടുന്ന ചില സാമൂഹ്യപ്രശ്നങ്ങളെ- പ്രത്യേകിച്ചു തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ പല യുവാക്കൾ ജീവിതത്തിൽ വഴിപിഴിച്ചു പോകുന്നതിനെയും, വിദ്യാർഥികൾ അച്ചടക്കമില്ലാത്തവരായിപ്പോകുന്നതിനേയും അവരെ കരുക്കളാക്കി സ്വന്തം രാഷ്ട്രീയതാല്പര്യങ്ങൾ നേടാൻ മുതിരുന്ന നേതാക്കളെയും സമർത്ഥമായി ചിത്രീകരിക്കുന്നു.

താനും തന്റെ ഭാര്യയും ജോലിക്ക് പോകുമ്പോൾ തങ്ങളുടെ കൊച്ചുകുട്ടിയെ നോക്കാനുള്ള സ്വാർത്ഥോദ്ദേശത്തോടെ ആനന്ദമയിയുടെ അകന്ന ബന്ധത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ അവരെ നല്ല വാക്ക് പറഞ്ഞു കൽക്കത്തയിലേക്കു കൂട്ടിക്കൊണ്ടുപോകുകയാണ്. അനേകവർഷങ്ങളായി ശാന്തസുന്ദരമായ തന്റെ ഗ്രാമത്തിലെ സ്വൈരജീവിതവുമായി അലിഞ്ഞു ചേർന്ന വൃദ്ധയ്ക്ക് കൽക്കത്തയിലെ ചുറ്റുപാടിൽ നിത്യേന നടക്കുന്ന പലേ സംഭവങ്ങളും അസഹ്യങ്ങളായിത്തോന്നി. തങ്ങൾക്ക് ഏറ്റവും വേണ്ടപ്പെട്ട ഒരാളെന്ന നിലയ്ക്ക് (അപൻജൻ എന്നാൽ ഏറ്റവും വേണ്ടപ്പെട്ട ആൾ എന്നാണ് അർത്ഥം) തന്നെ ഗ്രാമത്തിൽനിന്ന് കൂട്ടിക്കൊണ്ടുപോന്ന കുടുംബത്തിന്റെ സ്വാർത്ഥതാല്പര്യം മനസ്സിലാക്കുവാൻ അവർക്ക് അധികം നാൾ വേണ്ടിവന്നില്ല.

സന്താനങ്ങളില്ലാത്ത ആ സ്ത്രീക്ക് കുട്ടികളെ വലിയ കാര്യമാണ്. ഒരു ദിവസം അവർ താമസിക്കുന്ന തെരുവിലെ ഇടിഞ്ഞുപൊളിഞ്ഞ വീട്ടിൽ നിരാശ്രയരായി കഴിയുന്ന രണ്ടു അനാഥക്കുട്ടികളിലൊന്നിനെ വീട്ടിൽ വരുത്തി ഭക്ഷണം നൽകിയതിനെ തുടർന്നുണ്ടായ തർക്കം അവരെ ആ കുടുംബവുമായുള്ള ബന്ധം ഉപേക്ഷിക്കുവാൻ നിർബന്ധിതയാക്കി. ഗ്രാമത്തിലേയ്ക്കു ഒററയ്ക്കു തിരിച്ചുപോകാൻ കഴിയാതെ തൽക്കാലം വഴിയാധാരമായ ആ സ്ത്രീയെ രക്ഷിക്കാനെത്തിയത് വഴിപിഴച്ച ഒരു കൂട്ടം ചെറുപ്പക്കാരുടെ നേതാവായ രവിയാണ്. അയാൾ ആ വൃദ്ധയെ അനാഥരായ കുട്ടികളുടെ കൂടെ ആ ഇടിഞ്ഞുപൊളിഞ്ഞ വീട്ടിൽ താമസിപ്പിച്ചു. കോളേജ് വിദ്യാർഥികളായ അവരുടെ സങ്കേതസ്ഥലം അവിടമാണ്. മിക്ക രാത്രികളിലും അവർ ശീട്ടു കളിച്ച് പാട്ടും കൂത്തുമായി അവിടെ കഴിച്ചുകൂട്ടും. ആ ചെറുപ്പക്കാരുടെ താളം തെറ്റിയ ജീവിതത്തെയോർത്തു ആനന്ദമയി പലപ്പോഴും സങ്കടപ്പെടാറുണ്ട്, ഒരു ദിവസം രവി തന്റെ ജീവിതത്തിന്റെ തകർച്ചയ്ക്ക് കാരണമായ സംഭവം മുത്തശ്ശിക്ക് വിവരിച്ചു കൊടുക്കുകയുണ്ടായി.

കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു ജോലിയില്ലാതിരിക്കുന്ന കാലത്തു പൂജാപന്തലിൽവെച്ചു പരിചയപ്പെട്ട തന്റെ അയൽക്കാരിയായ പെൺകുട്ടിയുടെ പേരിൽ സ്നേഹിതന്മാരായിരുന്ന രവിയും ചിനോയും വൈരികളായി. ആ വിരോധം വളർന്നു വളർന്നു വന്നു. ഇന്ന് ആ പ്രദേശത്തെ രണ്ടു 'ഗുണ്ടാ'സംഘങ്ങളുടെ തലവന്മാരാണവർ. കൈത്തോക്കും കൈബോമ്പുകളും സദാസമയം കൊണ്ടുനടക്കുന്ന അവരെ നാട്ടുകാർക്കുകൂടി ഭയമാണ്. ആയിടക്കാണ് ഒരു തെരഞ്ഞെടുപ്പ് നടക്കുന്നത്. രവിയെയും ചിനോയെയും രണ്ട്

എതിർപാർട്ടികൾ സ്വന്തം താല്പര്യത്തിനുവേണ്ടി കരുക്കളാക്കി മാറ്റുന്നു. തങ്ങളുടെ പാർട്ടിയിൽ പെട്ട ഒരാളെ ബലാൽക്കാരമായി വോട്ടു ചെയ്യിപ്പിക്കുവാൻ തട്ടിക്കൊണ്ടുപോയിയെന്ന കാരണത്താൽ ഇരുകൂട്ടരും ഏറ്റുമുട്ടുന്നു. ഈ സംഭവം അറിഞ്ഞ്, രവിയെയും കൂട്ടരെയും എങ്ങിനെയെങ്കിലും അതിൽനിന്നു പിന്തിരിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ലഹളസ്ഥലത്തേയ്ക്ക് ചെന്ന ആനന്ദമയി, രവിക്കു നേരെ ചിനോയ് നീട്ടിയ റിവോൾവർ പൊട്ടി മൃതിയടയുന്നു. മരിച്ചു കിടക്കുന്ന വാത്സല്യനിധിയായ വൃദ്ധയെ ഒരു നോക്കു കാണാൻ വെമ്പൽപൂണ്ട രവിയെയും കൂട്ടുകാരേയും അതിനനുവദിക്കാതെ പൊലീസ് വാനിൽ പിടിച്ചു കയറ്റുന്നതും ആനന്ദമയിയുടെ ശവവും വഹിച്ചുപോകുന്ന ആംബുലൻസിന്റെ പിന്നാലെ രണ്ട് അനാഥബാലന്മാർ ഓടുന്നതും കണ്ണുകൾ നനയാതെ കണ്ടിരിക്കാനാവില്ല.

## മുത്തശ്ശിയും പുതിയ തലമുറയും

ബംഗാളിലെ വളർന്നു വരുന്ന എഴുത്തുകാരിലൊരാളായ ഇന്ദ്രമിത്രയുടെ ഒരു നീണ്ട ചെറുകഥയെ അധികരിച്ചു നിർമ്മിച്ച ഈ ചിത്രം യഥാർത്ഥത്തിൽ തന്റെ നല്ല കാലം എന്നോ നഷ്ടപ്പെട്ട ഒരു മുത്തശ്ശി ഇന്നത്തെ ലോകത്തെ നോക്കിക്കാണുന്നതിന്റെ ഉജ്ജ്വലവും സുന്ദരവുമായ ഒരു ചിത്രീകരണമാണ്. ഇന്നത്തെ ചുറ്റുപാടുകളുമായി ഇണങ്ങിച്ചേരാൻ വിഷമമനുഭവപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അവർ തന്റെ ഭൂതകാലജീവിതാനുഭവങ്ങൾ ഓർമിക്കുന്നതായി കാണാം. ആ രംഗങ്ങൾ ചിത്രത്തിലവിടെയവിടെയായി ഫ്ളാഷ്ബാക്കിൽ അവതരിപ്പിച്ചിരിക്കുന്നത് ഉചിതശോഭയോടെയാണ്.

അവധിക്കാലത്തെ അഭിനയ പരിചയംകൊണ്ടു താനെടുക്കുന്ന കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിക്കുവാൻ കഴിവുള്ള ബംഗാളിലെ ചുരുക്കം ചില നടികളിലൊരാളായ ഛായാദേവിക്ക് ആ രംഗങ്ങൾ തികച്ചും വിജയിപ്പിക്കാൻ കഴിഞ്ഞു. ഒരു നീണ്ട ഭൂതകാലജീവിതത്തിലെ മധുരസ്മരണകളെ താലോലിച്ചു തന്റെ കുഗ്രാമത്തിൽ കഴിഞ്ഞുകൂടിയ ഒരു വൃദ്ധ വിധവ, ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ആദ്യമായി കൽക്കത്തയിൽവന്ന് താമസം തുടങ്ങിയപ്പോൾ ആ മഹാനഗരത്തിലെ വിചിത്രമായ ജീവിതരീതിയെ അമ്പരപ്പോടും ആശ്ചര്യത്തോടും കൂടി നോക്കിക്കാണുന്നതിന്റെ ചിത്രം മനോഹരമായി വരച്ചുകാട്ടാൻ അവർക്കു അനായാസേന സാധിച്ചിരിക്കുന്നു. രവിയോടും കൂട്ടുകാരോടും തന്റെ പഴയ ജീവിതകഥകളും തമാശകളും പറഞ്ഞു രസിക്കുന്ന സ്നേഹമയിയായ ആ മുത്തശ്ശിയുടെ രൂപം പ്രേക്ഷകരുടെ മനസ്സിൽ തങ്ങിനിൽക്കാതിരിക്കില്ല.

### പുതുമുഖങ്ങൾ

സിനിമാവേദിയിലേക്ക് ആദ്യമായി കാലുകുത്തുന്ന സ്വരൂപദത്ത് രവിയുടെ ഭാഗം അസൂയാവഹമാംവണ്ണം കൈകാര്യം ചെയ്തിട്ടുണ്ട്. എന്തും ചെയ്യുവാൻ മടിക്കാത്ത ഒരു ഗുണ്ടയുടെ ഭാവാവിഷ്ക്കരണത്തിനനുയോജ്യമാണോ യുവകോമളനായ ഈ ചെറുപ്പക്കാരന്റെ ശാലീനമായ മുഖമെന്ന് ചില സന്ദർഭങ്ങളിലെല്ലാം തോന്നാനിടയുണ്ട്. എപ്പോഴും സ്നേഹനിർഭരമായ ഒരു ഹൃദയം അയാളിലുണ്ടെന്നുള്ളതിന് തെളിവാണല്ലോ ആനന്ദമയിയോടും അനാഥകുട്ടികളോടുമുള്ള അയാളുടെ പെരുമാററം. അത്തരത്തിലുള്ള ഒരു കഥാപാത്രത്തെ പ്രതിനിധീകരിക്കാൻ തികച്ചും അനുയോജ്യനായ ഒരു നടനാണീ പുതുമുഖം. ബങ്കാളിലെ സിനിമാവേദിയുടെ ഒരു വലിയ വാഗ്ദാനമാണ് നടനെന്ന് നിസ്സംശയം പറയാം. വാസനാസമ്പന്നരായ ഇത്തരം കലാകാരന്മാരെ കണ്ടുപിടിക്കുന്നതിലുള്ള സിഹ്നയുടെ കഴിവിനേയും അവരെ വളർത്തിയെടുക്കുന്നതിലുള്ള അദ്ദേഹത്തിന്റെ ഔത്സുക്യത്തേയും അഭിനന്ദിക്കാതെ വയ്യ.

തെരഞ്ഞെടുപ്പിന് നിൽക്കുന്ന എതിർസ്ഥാനാർഥികളുടെ ഭാഗങ്ങൾ അഭിനയിക്കുന്നതു ബങ്കാളിലെ രണ്ടു പ്രശസ്തഹാസ്യനടന്മാരായ രവിഘോഷും ബാനുബന്തോപാധ്യയുമാണ്. ആനന്ദമയിയെ കൽക്കത്തയിലേക്കു കൂട്ടിക്കൊണ്ടുപോന്ന ചെറുപ്പക്കാരന്റെ റോളിൽ നിർമൽകുമാറും അയാളുടെ ഭാര്യയായി അഭിനയിച്ച സുമിതി സന്യാലും തങ്ങളുടെ കഥാപാത്രങ്ങളോടു നീതി പുലർത്തിയിട്ടുണ്ട്. മറ്റു ചെറിയ ചെറിയ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നടീനടന്മാരാണ് പാർത്ഥാമുക്കർജി, സമത് ബൻഛാ, ജൂയിൻ ബാനർജി തുടങ്ങിയവർ. ഇവരിൽ ആനന്ദമയിയുടെ ആദ്യകാല ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന ജൂയിനും ചിനോയുടെ ഭാഗമെടുത്ത സമത് ബൻഛയും തങ്ങളുടെ കഥാപാത്രങ്ങൾക്ക് വേണ്ടത്ര മിഴിവു കൊടുക്കുവാൻ കഴിവിനൊത്തു പരമാവധി ശ്രമിച്ചിട്ടുണ്ട്. മററൊരു പുതുമുഖമായ രവിചൗദരിയാണ് ആനന്ദമയിയുടെ ആദ്യകാലജീവിതത്തിൽ അവരുടെ ഭർത്താവിന്റെ ഭാഗമെടുത്തിട്ടുള്ളത്. ബങ്കാളിലെ നാടകരംഗത്തു പേരെടുത്ത ആ നടൻ തന്റെ ചെറിയ ഭാഗം ഭംഗിയായി കൈകാര്യം ചെയ്തിരിക്കുന്നു.

ഒരു നല്ല ഔട്ടുഡോർ പടമായി കണക്കാക്കാവുന്ന ഈ ചിത്രത്തിൽ ബിമൽ ബാനർജിയുടെ ക്യാമറ സുശക്തമായി പ്രവർത്തിച്ചിരിക്കുന്നു. ഭാവോജ്ജ്വലതയ്ക്ക് മാറ്റു കൂട്ടുന്നതും സന്ദർഭങ്ങൾക്കനുയോജ്യവുമായ ഇതിലെ പശ്ചാത്തലസംഗീതം മനോഹരമായി കൈകാര്യം ചെയ്യുന്നതിൽ സംഗീതസംവിധായകൻ കൂടിയായ സിഹ്ന അഭിമാനാർഹമായ വിജയം നേടിയിട്ടുണ്ട്.

ഏറെക്കുറെ ഉടനീളം നർമരസം തുളുമ്പി നിൽക്കുന്ന ചിത്രീകരണത്തിലൂടെ, ഒരു സാമൂഹ്യചിന്തകന്റെ വീക്ഷണത്തോടെ സർത്ഥമായി ചില സാമൂഹ്യപ്രശ്നങ്ങൾ ഈ ചിത്രത്തിൽ പ്രതിഫലിപ്പിക്കുവാൻ സിഹ്നയ്ക്കു കഴിഞ്ഞിരിക്കുന്നു. ഒരു പക്ഷേ, കഴിഞ്ഞ കൊല്ലം പുറത്തിറക്കിയ ഇന്ത്യയിലെ ഏററവും നല്ല ചലച്ചിത്രമെന്ന നിലയ്ക്ക് ഈ ചിത്രത്തിന് ആരെങ്കിലും ബഹുമതി നൽകുകയാണെങ്കിൽ അതു തികച്ചും നീതികരിയ്ക്കത്തക്കതാണ്.